K.G.P.A.
Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

Book No. 14 Vol. 3 August 2020



# സർവ്വീസിൽനിന്നും വിരമിച്ചു


**Ajitha K K**
PHC, Ayavana, EKM


**Ambika A K**
THQH, Paravoor, EKM


**Anitha C A (SSVO)**
DHS, TVM


**Asokakumar L G (PSK)**
GH, TVPM


**Balakrishnan M K**
PHC, Kottoor, Kozhikode


**Binny M P**
THQH, Paravoor, EKM


**Eldho Varghese**
THQH, Kothamangalam, EKM


**Ibrahim P T (PSK)**
THQH, Cherthala, ALPY


**Jabir P (PSK)**
THQH, Malappuram


**Jose K U**
PHC, Panathoor, KSGD


**Joy P Thomas (PSK)**
Dist. Medical Office, EKM


**Kuruvilla P K**
Medical College, Kottayam


**Lailamma CK**
Gen. Hos. Changanassery, KTM


**Laisamma James (SS)**
GH. Kanjirapally, KTM


**Lissy P A**
PHC, Aralam, Kannur


**Manoj B**
THQH, Cherthala, ALP


**Molly T P (PSK)**
DMOH, Kannur


**Muraleedharan E P (SS)**
DH, Kanjangad, KKSGD


**Omana**
LS, Nooranad, ALPY


**Padmanabhan. K K. (SS)**
MCH, Kozhikode

Reg. No. 29377/78

# PHARMACY BULLETIN

The Official Publication of the Kerala Govt. Pharmacists' Association

**Book No. 14** **Vol. 3** **August 2020**

Managing Editor :
**S. VIJAYAKUMAR**

Printer & Publisher :
**M. K. PREMANANDAN**

Editor:
**M. S. MANOJ KUMAR**
E-mail: manojparavoor@gmail.com

Editorial Board:

**K. T. SADANANDAN**

**ABHILASH JAYARAM**

**D. N. ANITHA**

**T. L. MERIES**

**ABDUL SALAM M.**

**K. C. SASIDHARAN**

**K. P. SAJEER**

**M. K. MANOJ**

Layout & Printing
**Alwaye Press, Aluva**
0484-2623318

## ഉള്ളടക്കം

- എഡിറ്റോറിയൽ 02
  മനോജ്കുമാർ എം. എസ്
- കർമ്മപഥത്തിൽ മുന്നോട്ട്... 03
  പ്രദീപ് കുമാർ പി. വി
  - മുൻ സംസ്ഥാന പ്രസിഡന്റ്
- അവഗണനക്കെതിരായ പോരാട്ടം തുടരുക 05
  എം.കെ. പ്രേമാനന്ദൻ
  - ജനറൽ സെക്രട്ടറി
- സംസ്ഥാന നേതാക്കൾ വിരമിച്ചു (റിപ്പോർട്ട്) 09
- മറയുന്ന കാലം (കവിത) 12
- സംസ്ഥാന വാർത്തകൾ 13
- ജില്ലാ വാർത്തകൾ 15
- പപ്പായ (കവിത) 19
- യാത്രയയപ്പ് (കഥ) 20

എഡിറ്റോറിയൽ



# ഐ. ടി. ഐ. കളിലെ ഫാർമസിസ്റ്റ് തസ്തിക റദ്ദാക്കിയ നടപടി പുനഃപരിശോധിക്കണം

വ്യാവസായിക പരിശീലന വകുപ്പ് ഐ. ടി.ഐ.കളിൽ വിദ്യാർത്ഥികളുടെ സേവനത്തിനായി ഉണ്ടായിരുന്ന 21 ഫാർമസിസ്റ്റ് തസ്തികകൾ റദ്ദാക്കിയ നടപടി സർക്കാർ അടിയന്തിരമായി പുനഃപരിശോധിക്കണം.

ഐ.ടി.ഐ.കളിലെ പ്രായോഗിക പരിശീലനത്തിനിടയിൽ മെഷിനറികളും മറ്റും കൈകാര്യം ചെയ്യുന്നതിനാൽ വിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയും, മറ്റ് ആരോഗ്യ പ്രശ്നങ്ങളുണ്ടാവുകയും സാധാരണമാണ്. ഇവർക്ക് പ്രാഥമിക ചികിത്സ നൽകുന്നതിനായിരുന്നു ഫാർമസിസ്റ്റുമാരുടെ സേവനം ഏർപ്പെടുത്തിയിരുന്നത്. അഞ്ചിൽ കൂടുതൽ പഠനവിഭാഗങ്ങളുള്ള ഐ.ടി.ഐ.കളിൽ ഡോക്ടർ, ഫാർമസിസ്റ്റ്, ഡ്രസ്സർ എന്നിവരുടെ സേവനം വേണമെന്നായിരുന്നു ചട്ടം.

ഐ. ടി. ഐ. വിദ്യാർത്ഥികൾക്ക് കഴിഞ്ഞ 30 വർഷത്തോളമായി ലഭ്യമായിരുന്ന ഈ ആരോഗ്യസേവനം ഏറെ ഉപകാരപ്രദമായിരുന്നു. 2017 ൽ സംസ്ഥാന ധനകാര്യ പരിശോധനാ വിഭാഗം ചില ഐ.ടി. ഐകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിൽ, പ്രാഥമിക ചികിത്സ ഫാർമസിസ്റ്റ്മാരുടെ ഡ്യൂട്ടിയല്ല എന്ന് യഥാർത്ഥ വസ്തുതകൾ പരിശോധിക്കാതെ തെറ്റായി രേഖപ്പെടുത്തിയതാണ് ഇപ്പോഴത്തെ തസ്തിക ഒഴിവാക്കലിന് വഴിവെച്ചത്.

ഇന്ത്യൻ കരസേന, സി.ആർ.പി.എഫ്, ബി.എസ്.എഫ് തുടങ്ങിയ സൈനിക, അർദ്ധ സൈനിക വിഭാഗങ്ങളുടെ അതിർത്തികളിലെയും, ദുർഘടമേഖലകളിലെയും ക്യാമ്പുകളിൽ നമ്മുടെ സൈനികർക്ക് സ്തുത്യർഹമായ പ്രഥമ ശുശ്രൂഷ നൽകുന്നത് ഫാർമസിസ്റ്റുമാരാണ്. സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഇല്ലാത്തപ്പോൾ 22 തരം മരുന്നുകൾ കുറിപ്പടിയില്ലാതെ നൽകി പ്രഥമ ചികിത്സ നടത്താൻ അനുമതി നൽകി സംസ്ഥാന ആരോഗ്യവകുപ്പ് തന്നെ ഉത്തരവിറക്കിയിട്ടുണ്ട്.

ജീവനക്കാരെ തിരിച്ചയക്കുമ്പോൾ തസ്തികകൾ ആരോഗ്യവകുപ്പിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടില്ല. പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട 21 പേരുടെ തൊഴിൽ അവസരം ഇതിലൂടെ നഷ്ടമായി.

ഈ തസ്തികകൾ ഐ.ടി.ഐ. വിദ്യാർത്ഥികളുടെ സേവനത്തിനായി പുനഃസ്ഥാപിക്കുകയോ, അല്ലെങ്കിൽ ആരോഗ്യവകുപ്പിൽ വേണ്ടത്ര ജീവനക്കാരില്ലാതെ ബുദ്ധിമുട്ടുന്ന സ്ഥാപനങ്ങളിലേക്ക് ഷിഫ്റ്റ് ചെയ്തു നൽകുകയോ ചെയ്യേണ്ടതാണ്. നിലവിൽ ശമ്പളം നൽകിക്കൊണ്ടിരിക്കുന്ന തസ്തികകൾ ആയതിനാൽ സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും ഉണ്ടാവുകയുമില്ല. അതിനാൽ സർക്കാരും ആരോഗ്യവകുപ്പും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**മനോജ്കുമാർ എം. എസ്**

# കർമ്മപഥത്തിൽ മുന്നോട്ട്...



**പി. വി. പ്രദീപ് കുമാർ**
മുൻ സംസ്ഥാന പ്രസിഡന്റ്

ലോകമാകെ ഒരു കൊച്ചു വൈറസിന്റെ മുമ്പിൽ വിറങ്ങലിച്ചു നില്ക്കുന്ന കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്.

കഴിഞ്ഞ മാർച്ച് മുതൽ, രാജ്യമൊട്ടുക്കും ആരോഗ്യ പ്രവർത്തകരും, പോലീസും, മറ്റു വകുപ്പുകളിലെ ജീവനക്കാരും ഈ മഹാമാരിയെ നേരിടാനുള്ള പെടാപ്പാടിലാണെങ്കിലും ഈ സാഹചര്യത്തിൽ ആരോഗ്യപ്രവർത്തകരുടെ പ്രത്യേകിച്ചും ഡോക്ടർമാർ, നഴ്സുമാർ മുതൽ ആശാവർക്കർമാരുടെ വരെയുള്ള സേവനങ്ങൾ സർക്കാരും, മാധ്യമങ്ങളും വാഴ്ത്തിക്കൊണ്ടിരുന്നപ്പോൾ അതിൽ തീരെ അവഗണിക്കപ്പെട്ട വിഭാഗമായി ഫാർമസിസ്റ്റുകളും, ഔഷധമേഖലയും മാറ്റിനിർത്തപ്പെട്ടു എന്ന വികാരത്തിലാണ് സർക്കാർ മേഖലയിലേയും, സ്വകാര്യ മേഖലയിലേയും ഫാർമസിസ്റ്റുകൾ.

എല്ലാവിധ സജ്ജീകരണങ്ങളും ഒരുക്കിക്കൊണ്ട് കേരളത്തിലും ബഹു. മുഖ്യമന്ത്രിയും, ആരോഗ്യവകുപ്പ് മന്ത്രിയും മുൻനിരപ്പോരാളികളായി സംസ്ഥാനത്തെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ നയിക്കുകയും ആഗോളതലത്തിൽ പ്രശംസപിടിച്ചുപറ്റുകയും ചെയ്യുമ്പോഴും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഫാർമസി വിഭാഗത്തെ, അവരുടെ പങ്കിനെ അംഗീകരിക്കാൻ വത്തിക്കാനിൽ നിന്നും പോപ്പിനും, ഇന്ത്യാ മഹാരാജ്യത്തുനിന്നും ബഹു. കേന്ദ്രമന്ത്രി ശ്രീ. നിതിൻ ഗഡ്കരിക്കും മാത്രമെ തോന്നിയുള്ളൂ... നമുക്കതിൽ അഭിമാനിക്കാം.

Pope Francis at mass at Casa Santha MartaO- "I thanked doctors, nurses, volunteers... But you have forgotten the Pharmacist... Let us pray for them."

Shri. Nithin Gadkirir, March 28, 2020@twitter

"Pharmacist are the backbone of our Medical support in the war against covid 19. Their ongoing efforts and selfless dedication are saving the lives of people each and everyday...

I thank them for their invaluable service to the country."

കേരളത്തിലാകട്ടെ, സർക്കാർ തലത്തിലും സ്വകാര്യമേഖലയിലുമുള്ള ഫാർമസിസ്റ്റുകൾ യാതൊരു സുരക്ഷാസന്നാഹങ്ങളുമില്ലാതെയാണ് ജോലി ചെയ്തു കൊണ്ടിരിക്കുന്നത്...

ഈ ഘട്ടത്തിൽ സർക്കാരാശുപത്രികളിൽ ഇതുവരെ മരുന്നുകൾക്കോ മറ്റു സാമഗ്രികൾക്കോ ക്ഷാമം വരാതെയും പരാതികൾക്കിടവരാതെയും വളരെ ജാഗ്രതയോടെ സ്വന്തം കുടുംബകാര്യങ്ങൾ പോലും ശ്രദ്ധിക്കാതെ തങ്ങളുടെ സേവനം ഉറപ്പുവരു

ത്തിയ എല്ലാ ഫാർമസിസ്റ്റുകളെയും കേരള ഗവ. ഫാർമസിസ്റ്റ്സ് അസോസിയേഷൻ അഭിനന്ദിക്കുന്നു... ആദരിക്കുന്നു...

സർക്കാർ മേഖലയിലെ ആശുപത്രികളിലെ സ്റ്റോർ, ഫാർമസി വിഭാഗം നടത്തുന്ന പ്രവർത്തനങ്ങളെ ജനങ്ങളിലെത്തിച്ച മാധ്യമങ്ങളെ ഈയവസരത്തിൽ കെ,ജി.പി.എ. നന്ദിപൂർവ്വം സ്മരിക്കുന്നു.

പ്രധാനമന്ത്രിയുടെ ആഹ്വാനപ്രകാരം ആരോഗ്യപ്രവർത്തകരെ ആദരിക്കുന്നതുമായി ബന്ധപ്പെട്ട് ഹരിപ്പാട് മണ്ഡലത്തിലെ സേവാഭാരതി പ്രവർത്തകർ ഫാർമസിസ്റ്റുമാരെ പൊന്നാടയണിയിച്ചുകൊണ്ട് അഭിപ്രായപ്പെട്ടത് നമുക്ക് നമ്മുടെ കർമ്മവീഥിയിൽ പ്രചോദനം നല്കുന്നതാണ്...

**"ഒരു സ്ഥാപനത്തിലെ നട്ടെല്ലായി പ്രവർത്തിക്കുന്നതും... എന്നാൽ എല്ലാവരാലും അകറ്റി നിർത്തപ്പെടുന്നതുമായ ഫാർമസിസ്റ്റുമാരെയാണ് നമ്മുടെ ലിസ്റ്റിൽ ആദ്യം ഉൾപ്പെടുത്തിയത്."**

അതെ, ഇത്തരം വാക്കുകളാണ് നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തിന് കരുത്തേകുന്നത്... നമുക്കെന്ത് ലഭിച്ചു എന്നതല്ല... നമ്മളെന്ത് ചെയ്യുന്നു... എങ്ങിനെ ചെയ്യുന്നു... എന്നതാണ് പ്രധാനം.

ഈ മഹാമാരിയെ ചെറുത്ത് തോൽപ്പിക്കേണ്ട മഹായജ്ഞത്തിൽ കേരളത്തിലെ സർക്കാർ നടത്തുന്ന മഹായുദ്ധത്തിൽ ഏറ്റവും പ്രധാനപ്പെട്ട "ഔഷധ സംഭരണ, സൂക്ഷിപ്പ്, വിതരണ" വിഭാഗമായും ശാസ്ത്രീയ ഫാർമസി സേവന വിഭാഗമായും നമുക്ക് കൈകോർത്ത് മുന്നേറാം...

പൊതുജനങ്ങളിൽ നിന്നും യാതൊരു പരാതിയുമുയരാതെയും... കേരളത്തിലെ മുഴുവൻ ആരോഗ്യസ്ഥാപനങ്ങളെയും നിരന്തരം ബന്ധപ്പെട്ടും മരുന്നുകളുടെയും അനുബന്ധ സാമഗ്രികളുടെയും ലഭ്യത ഉറപ്പു വരുത്തുകയും, രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ കിറ്റുകളടക്കമുള്ളവയുടെ ലഭ്യതയും ഉറപ്പുവരുത്തുകയും അതുവഴി ആരോഗ്യവകുപ്പിന്റെ അക്ഷീണ പ്രവർത്തനങ്ങളിൽ ശക്തമായി നിലകൊണ്ടും ഈ ആപൽഘട്ടത്തിൽ ഫാർമസിസ്റ്റുകളായ നാം നമ്മുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തണമെന്നും എല്ലാ കെ.ജി.പി.എ. അംഗങ്ങളോടും അഭ്യർഥിക്കുന്നു.



## എസ്. വിജയകുമാറിന് സംസ്ഥാന പ്രസിഡന്റിന്റെ ചുമതല നൽകി

KGPA സംസ്ഥാന പ്രസിഡണ്ട് പ്രദീപ് കുമാർ പി.വി. സർവീസിൽ നിന്നും വിരമിച്ചതിനെ തുടർന്നു സംസ്ഥാന പ്രസിഡന്റിന്റെ ചുമതല വൈസ് പ്രസിഡണ്ട് എസ്. വിജയകുമാറിനു നൽകി. കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജിൽ ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ ആയ വിജയകുമാർ തിരുവനന്തപുരം സ്വദേശിയാണ്.

# അവഗണനക്കെതിരായ പോരാട്ടം തുടരുക...



**എം.കെ. പ്രേമാനന്ദൻ**
ജനറൽ സെക്രട്ടറി

ഫാർമസിസ്റ്റുമാർ ഏറെ അവഗണന നേരിടുന്ന കാലഘട്ടമാണിത്. ചികിത്സിക്കാൻ ഡോക്ടർമാരും, അനുബന്ധ സേവനങ്ങൾക്ക് ബന്ധപ്പെട്ട യോഗ്യത നേടിയവരും വേണമെന്ന് പറയുമ്പോൾ തന്നെ മരുന്ന് നൽകാൻ ഇംഗ്ലീഷ് അറിയുന്ന ആരെങ്കിലും മതിയെന്ന തെറ്റായ വാദവും ഉയരുന്നു. ഫാർമസി ശാസ്ത്രവും, നിയമങ്ങളുമെല്ലാം ജനങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പു വരുത്താനുള്ളതാണെന്ന കാര്യം പരിഗണിക്കാതെയാണിത്.

രാജ്യത്തുടനീളം നൂറു കണക്കിന് ഫാർമസി കോളേജുകളിൽ നിന്നായി ആയിരകണക്കിന് വിദ്യാർത്ഥികളാണ് ഫാർമസി യോഗ്യത നേടി പുറത്തിറങ്ങുന്നത്. കേരളത്തിൽ സർക്കാർ സ്വകാര്യ മേഖലകളിലായി 53 ഫാർമസി കോളേജുകൾ ഉണ്ട്. 20000 കുട്ടികൾ ഇവിടെ പഠിക്കുന്നു. 4000 ൽ അധികം പേരാണ് ഓരോ വർഷവും ഈ സ്ഥാപനങ്ങളിൽ നിന്നും ഫാർമസി യോഗ്യത നേടി പുറത്തിറങ്ങുന്നത്. സമാനമായ സ്ഥിതിയാണ് മറ്റു സംസ്ഥാനങ്ങളിലും ഉള്ളത്. കേരളാ സംസ്ഥാന ഫാർമസി കൗൺസിലിൽ 70000-ത്തിൽ അധികം പേരാണ് ഫാർമസിസ്റ്റായി രജിസ്റ്റർ ചെയ്തിരിക്കുന്നത്.

സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലായി ആകെ 3000-ത്തോളം ഫാർമസിസ്റ്റ് തസ്തികകൾ മാത്രമാണുള്ളത്. കുറച്ചു പേർ കേന്ദ്ര സർവീസിലും, വിദേശത്തുമായി ജോലി ചെയ്യുന്നു. 10000-ത്തോളം പേർക്ക് മാത്രമാണ് സ്വകാര്യ ഫാർമസികളിൽ അവസരമുള്ളത്. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. സംസ്ഥാനത്തെ 80 ശതമാനത്തിലധികം വരുന്ന യോഗ്യത നേടിയ ഫാർമസിസ്റ്റുമാരും തൊഴിലില്ലാത്തവരാണ്. ഒരു പ്രൊഫഷണൽ കോഴ്സ് പഠിച്ച ഇത്രയധികം പേർ തൊഴിലില്ലാതിരിക്കുന്നത് ഫാർമസി മേഖലയിൽ മാത്രമായിരിക്കും.

സംസ്ഥാനത്തു ആർദ്രം ഒന്നാം ഘട്ടത്തിൽ 170 കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചപ്പോൾ ഡോക്ടർ, നേഴ്സ്, ലാബ് ടെക്നീഷ്യൻ തുടങ്ങി 680 തസ്തികകൾ അനുവദിച്ചപ്പോൾ ഒരു ഫാർമസിസ്റ്റ് തസ്തികപോലും അനുവദിച്ചില്ല. ഒടുവിൽ ഏറെ മുറവിളികൾക്കു ശേഷം 170 തസ്തികകൾ വേണ്ടതിൽ 150 തസ്തികകൾ മാത്രമാണ് അനുവദിച്ചത്. രണ്ടാം ഘട്ടത്തിൽ 200 കുടുംബ ആരോഗ്യ കേന്ദ്രങ്ങൾക്കായി ഡോക്ടർ, നേഴ്സ്, ലാബ് ടെക്നിഷ്യൻ തുടങ്ങി 974 തസ്തികകൾ അനുവദിച്ചപ്പോഴും ഫാർമസിസ്റ്റ് തസ്തിക അനുവദിച്ചില്ല. ഫാർമസിസ്റ്റ് തസ്തികകൾക്കുള്ള ആരോഗ്യ വകുപ്പിന്റെ പ്രൊപ്പോസലിൽ, ജില്ലാ തലത്തിലുള്ള പൂളിൽ നിന്നും ഡിപ്ലോയ് ചെയ്യാമെന്നും, പോസ്റ്റ് ക്രീയേഷൻ ഇല്ല എന്നുമാണ് എഴുതിയിരിക്കുന്നത്. സംസ്ഥാനത്തു ഫാർമസിസ്റ്റുമാരുടെ ഒരു

പൂൾ നിലവിലില്ല. ഇല്ലാത്ത പൂളിൽ നിന്നും എങ്ങനെയാണു ഡിപ്ലോയ് ചെയ്യുന്നത്. ഇതിനെതിരെ സംസ്ഥാനത്തുടനീളം ശക്തമായ പ്രതിഷേധ സമരങ്ങൾ കെ.ജി. പി.എ നടത്തുകയുണ്ടായി. പ്രതിഷേധ വാരാചരണം, ജില്ലാതല പ്രതിഷേധ സംഗമങ്ങൾ, സെക്രട്ടറിയറ്റു മാർച്ച് തുടങ്ങി കെ.ജി.പി.എ നടത്തിയ പ്രക്ഷോഭ സമരങ്ങൾ സർക്കാർ ഫാർമസിസ്റ്റുമാരുടെ ഐക്യവും, ശക്തിയും വിളംബരം ചെയ്യുന്നതായിരുന്നു. സർക്കാർ ഫാർമസിസ്റ്റുമാരിൽ 90 ശതമാനത്തിലധികവും ഈ സമരങ്ങളിൽ പങ്കാളികളായി എന്നതും ശ്രദ്ധേയമാണ്.

രാവിലെ 9 മണി മുതൽ വൈകി 6 മണി വരെ തുടർച്ചയായി പ്രവർത്തിക്കുന്ന കുടുംബാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസർമാരും നഴ്സുമാരും 2 ഷിഫ്റ്റുകളിലായി ജോലി ചെയ്യുമ്പോൾ ഫാർമസിസ്റ്റുമാർ രാവിലെ 9 മണി മുതൽ വൈകി 6 മണിവരെ ജോലി ചെയ്യാൻ നിർബന്ധിതമായ സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. രോഗികൾ മരുന്നിനായി നിൽക്കുമ്പോൾ ഫാർമസിസ്റ്റുമാർക്കു അത് നിഷേധിച്ചു ഇറങ്ങിപ്പോകാൻ കഴിയില്ല. നിരന്തര സമ്മർദ്ദം ചെലുത്തിയതിനെ തുടർന്ന് ചുരുക്കം സ്ഥാപനങ്ങളിൽ മാത്രമാണ് താൽക്കാലിക നിയമനം നടത്തി യിട്ടുള്ളത്. 8 മണിക്കൂർ ജോലി, ഉച്ചഭക്ഷണം കഴിക്കാനുള്ള ഇടവേള തുടങ്ങി തൊഴിൽ ചെയ്യുന്നവർക്കുള്ള അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കപ്പെട്ട വിഭാഗമായി പല കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും ഫാർമസിസ്റ്റുമാർ മാറിയിരിക്കുന്നു. ഭക്ഷണം കഴിക്കാനിരുന്നാൽ അത് പൂർത്തിയാക്കും മുൻപേ ഫാർമസിക്കു മുമ്പിൽ ബഹളം തുടങ്ങുകയായി. അതിനാൽ പലരും ഉച്ചഭക്ഷണം ഉപേക്ഷിക്കേണ്ട സ്ഥിതിയാണ്. വനിതകൾ ഉൾപ്പെടെയുള്ളവർക്ക് പ്രാഥമിക കൃത്യങ്ങൾക്കു പോലും ഇറങ്ങാൻ പറ്റാത്ത ദയനീയമായ അവസ്ഥയും നിലനിൽക്കുന്നു.

**ഫാർമസി നിയമം പഴകിയതോ**

ഫാർമസി നിയമം 1948-ൽ വന്നതായതിനാൽ കലഹരണപ്പെട്ടിരിക്കുന്നു എന്നും അതിലെ വ്യവസ്ഥകൾക്ക് പ്രസക്തിയില്ലെന്നും ചിലർ പറയുന്നുണ്ട്. നമ്മുടെ രാജ്യത്തു കുറ്റവാളികൾക്ക് ശിക്ഷകൾ നൽകുന്നത് 1860 ലെ ഇന്ത്യൻ പീനൽ കോഡ് പ്രകാരമാണ്. ഭാരതത്തിന് സ്വാതന്ത്ര്യംലഭിച്ചത് 1947ലും. ഇതെല്ലം പഴകിയതാണെന്നു ഇവർ വാദിക്കുമോ.

**കോമ്പൗണ്ടിങ്ങും, മിക്സിങ്ങും**

പഴയ കാലത്തെപോലെ മരുന്നുകളുടെ ഘടകങ്ങൾ കൂട്ടി ചേർക്കുന്ന കോമ്പൗണ്ടിങ്ങും, മിക്സിങ്ങും വേണ്ടാത്തതിനാൽ ഫാർമസിസ്റ്റ് വേണ്ട എന്നും മരുന്നുകൾ സ്ട്രിപ്പുകളിൽ വരുന്നതിനാൽ ആർക്കും എടുത്തു നൽകാമെന്നും ചിലർ പറയുന്നത് രാജ്യത്തെ നീതിന്യായ കോടതികൾ പലവുരു തള്ളിക്കളഞ്ഞ വാദമാണ്. രോഗനിർണയത്തിന് ലബോറട്ടറി പരിശോധനകളും, എക്സ് റേ, ഇ.സി.ജി., സ്കാനിങ് എന്നിവയൊക്കെ ഉള്ളതിനാൽ ഡോക്ടർമാർ വേണ്ടെന്നു പറയുന്നതുപോലെയും, ഓൺലൈൻ ആയി പാഠങ്ങൾ പഠിപ്പിക്കാമെന്നതിനാൽ അധ്യാപകർ വേണ്ടെന്നുമൊക്കെ പറയുന്നത് പോലെയാണ് ഇതും.

മരുന്ന് ഡിസ്പെൻസിങ് വെറും എടുത്തു കൊടുക്കൽ അല്ല എന്നും, ഉപയോഗ നിർദേശങ്ങൾ, കൗൺസിലിംഗ്, ബോധവൽക്കരണം, എന്നിവയിലൂടെ കൃത്യതയുള്ള മരുന്ന് ഉപയോഗത്തിന് രോഗിയെ പ്രാപ്തനാക്കി ചികിത്സകൻ ഉദ്ദേശിച്ച റിസൾട്ട് ഉണ്ടാക്കി എടുക്കലാണെന്നതും ഇവർ വിസ്മരിക്കുകയാണ്.

മരുന്നുകളുടെ ശാസ്ത്രീയമായ സംഭരണം, താപവ്യതിയാനമുൾപ്പെടെ ഘടകങ്ങൾ നോക്കിയുള്ള സൂക്ഷിപ്പ്, നാർക്കോട്ടിക്, സൈക്കോ ട്രോപിക്, ഷെഡ്യൂൾ എച് 1 തുടങ്ങിയവയുടെ ശാസ്ത്രീയമായ കൈകാര്യം തുടങ്ങി ഒരു ഫാർമസിസ്റ്റ് നിർവഹിക്കേണ്ട ചുമതലകൾ നിരവധിയാണ്.

**മെഡിക്കൽ വിദ്യഭ്യാസ വകുപ്പിലെ ഒഴിവുകൾ**

സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ആകെയുള്ള ഫാർമസിസ്റ്റ് തസ്തികകളിൽ 70-ഓളം എണ്ണം വർഷങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. ചില ഒഴിവുകൾ വന്നിട്ട് 4 വർഷ ത്തിലധികമായി. ഈ കോവിഡ് കാലത്തു പോലും $^1/_3$ ഭാഗം തസ്തികകളിൽ സ്ഥിര ജീവനക്കാർ ഇല്ലാതെയാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൊറോണ ഓ.പി ഉൾപ്പെടെ നടത്തുന്നത്. നിയമനം സംബന്ധിച്ച് തീരുമാനമെടുക്കുന്നതിൽ അധികാരികൾ വരുത്തിയ വീഴ്ചയാണ് ഈ കാലതാമസത്തിന് കാരണം. ഇപ്പോൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് മാസങ്ങൾ പിന്നിട്ടിട്ടും പി.എസ്.സി എഴുത്തു പരീക്ഷ പോലും നടത്തിയിട്ടില്ല.

**കാസർകോഡ് മെഡിക്കൽ കോളേജ്**

കാസർകോട് മെഡിക്കൽ കോളേജ് പ്രവർത്തനമാരംഭിക്കുന്നതിനായി 270 ഓളം തസ്തികകൾ അനുവദിച്ച സർക്കാർ നടപടി സ്വാഗതാർഹമാണ്. എന്നാൽ ഫാർമസി വിഭാഗത്തിന് അനുവദിച്ച തസ്തികകൾ അപര്യാപ്തമാണ്. 200 കിടക്കകളുള്ള ആശുപത്രിക്കു ഗസറ്റഡ് റാങ്കിലുള്ള സ്റ്റോർ സൂപ്രണ്ട് വേണമെന്ന നിബന്ധന 300 കിടക്കകളുണ്ടായിട്ടും ഇവിടെ പാലിക്കപ്പെട്ടില്ല. 1961-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചു ഇവിടെ 10 ഫാർമസിസ്റ്റ് തസ്തികകൾ വേണ്ടതാണെങ്കിലും 3 തസ്തികകൾ മാത്രമാണ് അനുവദിച്ചത്. ഉയർന്ന മെഡിക്കൽ ഉപകരണങ്ങളും മരുന്നുകളുമെല്ലാം ആയി വലിയൊരു സ്റ്റോർ കൈകാര്യം ചെയ്യുന്നതിന് ഇപ്പോൾ അനുവദിച്ച സ്റ്റോർ കീപ്പർ തസ്തിക അപര്യാപ്തമാണ് മറ്റു വിഭാഗങ്ങളിൽ ലേ സെക്രട്ടറി, നഴ്സിംഗ് സൂപ്രണ്ട് തുടങ്ങി നിരവധി ഗസറ്റഡ് തസ്തികകൾ അനുവദിച്ചപ്പോൾ ഫാർമസി വിഭാഗത്തിൽ അനിവാര്യമായും വേണ്ട അവശ്യ തസ്തികകൾ അനുവദിക്കാതിരുന്നത് ശരിയല്ല. അതിനാൽ ഇക്കാര്യത്തിൽ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്

**ഇ.എസ്.ഐ അനോമലികൾ**

10-മത് ശമ്പള പരിഷ്കരണത്തിൽ ഇ.എസ്.ഐ ഫാർമസിസ്റ്റുമാർക്കുണ്ടായ അനോമലികൾ പരിഹരിക്കാൻ അനോമലി സെല്ലോ സർക്കാരോ തയ്യാറാകാത്തതിനെ തുടർന്ന് കെ.ജി.പി.എ നിയമ നടപടി സ്വീകരിക്കുകയും അനുകൂലമായ വിധി ഉണ്ടാവുകയും ചെയ്തു. എന്നാൽ ഇത് നടപ്പിലാക്കിയില്ല. ഏറ്റവും ന്യായവും, ലളിതവുമായ കാര്യങ്ങൾ പോലും നടപ്പിലാക്കാതെ ഫാർമസിസ്റ്റുമാരെ അവഗണിക്കുന്നതിൽ വകുപ്പുകളെല്ലാം ഒരേ തൂവൽപ്പക്ഷികളാണ്.

സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സകളടക്കം നൽകുന്ന 9-ഓളം ഇഎസ്ഐ ആശുപത്രികളിൽ അത്യാവശ്യമായ സ്റ്റോർ കീപ്പർ തസ്തികകൾ വേണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമുണ്ട്. ഇപ്പോൾ ഫാർമസിസ്റ്റ്മാരാണ് ഈ ചുമതല നിർവഹിക്കേണ്ടി വരുന്നത്. സംസ്ഥാന സിവിൽ സർവീസിൽ ഏറ്റവും കുറഞ്ഞ പ്രമോഷൻ തസ്തികകൾ (വെറും ഒരു ശതമാനം)

ഉള്ളത് ഇഎസ്ഐ ഫാർമസിസ്റ്റുമാർ ക്കാണ്.

**കാറ്റഗറി സംഘടന**

ഫാർമസിസ്റ്റുമാർ കാറ്റഗറി അടിസ്ഥാ നത്തിൽ സംഘടിക്കുന്നത് പൊതു ഐക്യ ത്തിന് തടസ്സമാകും എന്ന വാദമുയർത്തു ന്നവരുണ്ട്. എന്നാൽ നഴ്സുമാർ, അധ്യാപ കർ, ഡോക്ടർമാർ എന്നിവരൊക്കെ പ്രൊ ഫഷണൽ അടിസ്ഥാനത്തിൽ സംഘടിച്ചു പ്രവർത്തിക്കുന്നതിൽ ആർക്കും ആക്ഷേപ മില്ല. ഫാർമസിസ്റ്റുമാർ സംഘടിക്കുമ്പോൾ മാത്രമാണ് പ്രശ്നം. കക്ഷിരാഷ്ട്രീയ താല് പര്യങ്ങൾക്കുപരിയായി അവഗണനക്കും, അനീതിക്കും എതിരെയും ഫാർമസി പ്രൊ ഫഷന് സമൂഹത്തിൽ അർഹമായ സ്ഥാ നം ലഭ്യമാക്കുന്നതിന് വേണ്ടിയും പ്രവർ ത്തിക്കുന്ന പ്രസ്ഥാനമാണ് കെ.ജി.പി.എ. ഫാർമസി പ്രൊഫഷന്റെ തനതായ പ്രവർ ത്തനങ്ങൾ നടത്താൻ പ്രൊഫഷണൽ സംഘടനക്കേ സാധിക്കൂ. എന്നാൽ ജീവന ക്കാരുടെ പൊതുപ്രശ്നങ്ങളിൽ മറ്റു ള്ളവരുമായി തോളോട്തോൾ ചേർന്ന് പ്രവർത്തിക്കാനും കെ.ജി.പി.എ. സന്നദ്ധ മായിട്ടുണ്ട്.

**ഫാർമസി കൗൺസിലുകൾ**

ഫാർമസി നിയമങ്ങൾ രാജ്യത്തു നടപ്പിലാക്കുന്നു എന്നുറപ്പുവരുത്തേണ്ട സ്റ്റാറ്റ്യൂട്ടറി അധികാരമുള്ളവയാണ്, കേന്ദ്ര, സംസ്ഥാന ഫാർമസി കൗൺസിലുകൾ. എന്നാൽ അധികാരം പ്രൊഫഷന്റെയും, ആരോഗ്യമേഖലയുടെയും ക്ഷേമത്തിന് വേണ്ടി ഉപയോഗിക്കുന്നതിൽ ഇവർ പരാജയമാണ്. മുൻകാലത്തു സംസ്ഥാന ത്തുടനീളം ഫാർമസി ഇൻസ്പെക്ടർമാർ കൃത്യമായി പരിശോധന നടത്തി ഫാർമസി നിയമലംഘനങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചിരുന്നു. ഇപ്പോൾ ഇതെല്ലാം പൂർണ്ണമായും സ്തംഭിച്ചിരിക്കുന്നു. സെക്ഷൻ 42 ലംഘനത്തിനെതിരെ കേസെടുത്തു കോടതിയിൽ നിന്നും ചരിത്രപ്രാധാന്യമുള്ള വിധിനേടിയ കേരളത്തിന്റെ ഫാർമസി കൗൺസിലിന്റെ ഭൂതകാലം ഓർമ്മ മാത്രം.

ഫാർമസി വിഭാഗവും ആരോഗ്യ മേഖലയുടെ അവിഭാജ്യ ഘടകമാണ്. ഫാർമസി ശാസ്ത്രത്തിലും, നിയമത്തിലും വെള്ളം ചേർത്തുകൊണ്ട് ഒരു ജനതയ്ക്ക് ലഭിക്കേണ്ട സേവനത്തെ നിഷേധിക്കുന്നത് ശരിയല്ല. പ്രതിവർഷം ആയിരകണക്കിന് വിദ്യാർത്ഥികൾക്ക് സർക്കാർ നേരിട്ടും അംഗീകൃത കോളേജുകൾ വഴിയും ഫാർമസി വിദ്യാഭ്യാസം നൽകുമ്പോൾ അവർക്ക് തൊഴിൽ ചെയ്യാനുള്ള അവസരം സർക്കാർ സ്വകാര്യ മേഖലകളിൽ ഉണ്ടാ കേണ്ടതുണ്ട്. സർക്കാർ ആശുപത്രികളിൽ മാത്രമല്ല സ്വകാര്യ മേഖലയിലും ഫാർമസി നിയമങ്ങൾ ബാധകമാണ്. അവിടെയും മരുന്ന് ഡിസ്പെൻസ് ചെയ്യുന്നത് യോഗ്യത നേടിയ ഫാർമസിസ്റ്റുമാരാണെന്നു ഉറപ്പു വരുത്താൻ സർക്കാരും ഫാർമസി കൗൺ സിലും നടപടികൾ സ്വീകരിക്കണം. നിയമാ നുസൃതം ഫാർമസിസ്റ്റുമാർ ചെയ്യേണ്ട ജോലി മറ്റുള്ളവർക്ക് നൽകി ഫാർമസിസ്റ്റു മാരുടെ അവസരം നഷ്ടമാക്കരുത്. സംസ്ഥാ നത്തെ വിവിധ വകുപ്പുകളിൽ ഫാർമസിസ്റ്റ് തസ്തികയുടെ കുറവ് നികത്താനും അനു യോജ്യമായ മേഖലകളിൽ കൂടുതലായി ഫാർമ സിസ്റ്റുമാരുടെ സേവനം ഏർപ്പെടു ത്താനും സർക്കാർ നടപടി സ്വീകരിക്കണം.

**കെ.ജി.പി.എ. വെബ്സൈറ്റ് പരിഷ്കരിച്ചു** കേരള ഗവ. ഫാർമസിസ്റ്റ്സ് അസോസിയേഷൻ സംസ്ഥാന കമ്മറ്റിയുടെ വെബ്സൈറ്റ് പുതിയ വിവരങ്ങൾ ചേർത്ത് പരിഷ്കരിച്ചിരിക്കുന്നു. ഉത്തരവുകൾ, സർക്കുലറുകൾ, സീനിയോരിറ്റി ലിസ്റ്റുകൾ തുടങ്ങി സർക്കാർ ഫാർമസിസ്റ്റുമാർക്കാവശ്യമായ വിവരങ്ങൾക്ക് സന്ദർശിക്കുക. **www.kgpa.co.in**

# സംസ്ഥാന നേതാക്കൾ സേവനത്തിൽ നിന്ന് വിരമിച്ചു

## പ്രദീപ്കുമാർ പി. വി.

(സംസ്ഥാന പ്രസിഡന്റ്)



കെ.ജി.പി.എ. സംസ്ഥാന പ്രസിഡന്റ് പ്രദീപ്കുമാർ പി.വി. 2020 മെയ്-31-ന് സേവനത്തിൽ നിന്ന് വിരമിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ നിന്ന് സ്റ്റോർ കീപ്പർ ആയിട്ടാണ് വിരമിച്ചത്.

1986-ൽ ബാഗ്ലൂർ സെന്റ് ജോൺസ് ഫാർമസി കോളേജിൽ നിന്ന് ഫാർമസി ഡിപ്ലോമ നേടി. സ്വകാര്യ രംഗത്ത് ഫാർമസിസ്റ്റ് സംഘടനകൾ ദുർബലമായിരുന്ന കാലഘട്ടത്തിൽ ഏറെ ചൂഷണങ്ങൾക്ക് വിധേയരായ ഫാർമസിസ്റ്റുമാരെ സംഘടിപ്പിച്ചുകൊണ്ടാണ് സംഘടനാ പ്രവർത്തനം ആരംഭിച്ചത്. 1988 മുതൽ 1990 വരെ KPPA കണ്ണൂർ ജില്ലാ സെക്രട്ടറിയായിരുന്നു. 1990-ൽ സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന ഫാർമസിസ്റ്റുമാർക്ക് ആദ്യമായി മിനിമം വേജസ് പ്രഖ്യാപിച്ചപ്പോൾ, കണ്ണൂർ ജില്ലയിലെ ഫാർമസിസ്റ്റുമാർക്ക് മിനിമം വേജസ് ലഭ്യമാക്കാൻ മരുന്ന് കട ഉടമകൾക്ക് നോട്ടീസ് നൽകുകയും, ഫാർമസിസ്റ്റുമാർക്ക് മിനിമം വേജസ് ലഭിക്കുന്നതിനു വേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ജില്ലയിലെ പ്രൈവറ്റ് ഫാർമസിസ്റ്റുമാരുടെ ഒട്ടേറെ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകി. കെ.പി.പി.എ ഭാരവാഹിയായതുകൊണ്ട് മാത്രം ഒരു ഘട്ടത്തിൽ തൊഴിൽ നിഷേധിക്കപ്പെട്ടിരുന്നു. 1988-ലെ ഫാർമസി കൗൺസിൽ തെരഞ്ഞെടുപ്പിൽ, 25-വർഷക്കാലം ഔഷധമുതലാളിമാരുടെ കൈകളിലായിരുന്ന സംസ്ഥാന ഫാർമസി കൗൺസിലിനെ വർക്കിങ്ങ് ഫാർമസിസ്റ്റുമാരുടെ കൈകളിലേക്ക് എത്തിക്കുന്നതിനായി പ്രവർത്തിച്ചു.

1994-ഡിസംബറിൽ പി.എസ്.സി നിയമനം ലഭിച്ചു. 1995-ൽ സംഘടനയുടെ കണ്ണൂർ ജില്ലാ ജോ. സെക്രട്ടറി ആയി തെരഞ്ഞെടുക്കപ്പെട്ടു. 1999-ഏപ്രിൽ മാസത്തിൽ ശൂന്യവേതനാവധിയിൽ വിദേശത്തേക്ക് പോവുകയും, 05.6.2007-ൽ കണ്ണൂർ ജില്ലയിൽ തിരികെയെത്തി ജോലിയിൽ പ്രവേശിച്ചപ്പോൾ, വീണ്ടും സംഘടനയിൽ സജീവമായി. 2008 ലെ ഐതിഹാസികമായ "സേവ് ഹെൽത്ത് സർവീസസ്" - സമരത്തിന്റെ ഭാഗമായി കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ നടത്തിയ 'വാഹന പ്രചരണ' ജാഥയുടെ വിജയത്തിനായി പ്രവർത്തിച്ചിരുന്നു. കെ.ജി.പി.എ.യുടെ ജില്ലാ ട്രഷറർ, ജില്ലാ സെക്രട്ടറി, സംസ്ഥാന കമ്മിറ്റി അംഗം, സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം എന്ന നിലയിൽ പ്രവർത്തിച്ചു. 2019-ൽ വയനാട് ജില്ലയിൽ വെച്ച് നടന്ന സംസ്ഥാന സമ്മേളനത്തിൽ സംസ്ഥാന വൈസ്പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു.

2020 ജനുവരി 20-ന് ശ്രീ. കെ.എം. സലിം പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞപ്പോൾ സംസ്ഥാന പ്രസിഡണ്ടായി ഐകകണ്ഠേന തെരഞ്ഞെടുക്കപ്പെട്ടു.

ആർദ്രം ദൗത്യത്തിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങൾ രൂപീകരിച്ചപ്പോൾ ഫാർമസിസ്റ്റ് തസ്തിക അനുവദിച്ചു കിട്ടുന്നതിനായി നിരന്തരം പ്രവർത്തിച്ചിരുന്നു.

കണ്ണൂർ ജില്ലയിലെ തളിപ്പറമ്പിലാണ് (തൃച്ചംബരം) താമസിക്കുന്നത്. ഭാര്യ: ശ്രീമതി ശ്രീകല (സീനിയർ ഒപ്ട്രോമെട്രിസ്റ്റ്, താലൂക്ക് ആശുപത്രി, തളിപ്പറമ്പ്). ഐ.ഐ.ടി മദ്രാസിൽ റിസർച്ച് ചെയ്യുന്ന ശ്രീ. ശരൺ ശ്രീദീപ്, കണ്ണൂർ ഗവ. എഞ്ചിനീയറിങ്ങ് കോളേജിലെ ബി.ടെക് വിദ്യർത്ഥിയായ ശ്രീ. ശ്രാവൺ ശ്രീദീപ് എന്നിവർ മക്കളാണ്.

## സാജു കുര്യാക്കോസ്

**(മുൻ സംസ്ഥാന ട്രഷറർ)**



കെ.ജി.പി.എ. സംസ്ഥാന സെക്രട്ടറിയേറ്റ് അംഗവും, ദീർഘകാലം ട്രഷററുമായിരുന്ന സാജു കുര്യാക്കോസ് സർവ്വീസിൽ നിന്നും വിരമിച്ചു. 31.01.2020 ന് ചേർത്തല താലൂക്ക് ആശുപത്രിയിൽ നിന്നും സ്റ്റോർ സൂപ്രണ്ടായാണ് അദ്ദേഹം വിരമിച്ചത്. സർവ്വീസിൽ പ്രവേശിച്ചതു മുതൽ സംഘടനയുടെ സജീവ പ്രവർത്തകനായ അദ്ദേഹം എറണാകുളം ജില്ലാ പ്രസിഡണ്ട്, സെക്രട്ടറി, സംസ്ഥാന സെക്രട്ടറി സ്ഥാനങ്ങളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ട്രഷറർ ആയിരിക്കുമ്പോൾ സംഘടനയുടെ എക്കൗണ്ടുകൾ സുതാര്യവും, സുഗമവുമാക്കുന്നതിനായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങളും, കമ്പ്യൂട്ടർവൽക്കരണവും ശ്രദ്ധേയമായിരുന്നു. പ്രതിസന്ധി ഘട്ടങ്ങളിൽ സംഘടനയെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. സംസ്ഥാന ഫാർമസി കൗൺസിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. 2004-ൽ ഹരിയാനയിലെ റോഹ്തക്കിൽ നടന്ന ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫാർമസിസ്റ്റ് ഓർഗനൈസേഷന്റെ (FIPO) അഖിലേന്ത്യാ സമ്മേളനത്തിൽ എം.എൻ.വി.ജി. അടിയോടി സാറിന്റെ നേതൃത്വത്തിൽ പങ്കെടുത്ത കേരള പ്രതിനിധി സംഘത്തിൽ അംഗമായിരുന്നു. എറണാകുളം ജില്ലയിലെ മലയോരമേഖലയിൽപ്പെട്ട കൊമ്പനാട് സ്വദേശിയാണ്. ഭാര്യ: ആനി, ഗവ. പോളിടെക്നിക് അധ്യാപിക. മകൻ: സച്ചിൻ, എഞ്ചിനിയർ. മകൾ: സാന്ദ്ര, ഓസ്ട്രേലിയായിൽ ഉപരിപഠനം.

## കെ. സുരേഷ് കുമാർ

**(മുൻ സംസ്ഥാന വൈസ് പ്രസിഡന്റ്)**



കെ.ജി.പി.എ. മുൻ സംസ്ഥാന ട്രഷററും പത്തനംതിട്ട ജില്ലയിലെ കെ.ജി.പി.എയുടെ സംഘാടകനും, സമുന്നത നേതാവുമായിരുന്ന ശ്രീ. കെ. സുരേഷ് കുമാർ 23.05.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചു. കെ.ജി.പി.എ. സംസ്ഥാന ട്രഷറർ, സെക്രട്ടറി, വൈസ് പ്രസിഡണ്ട് സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന കൗൺസിൽ അംഗമാണ്.

ജില്ലയിൽ പുതിയ പ്രവർത്തകരെ കണ്ടെത്താനും, അവരെ ഭാരവാഹിത്വ മേൽപ്പിച്ച് പ്രവർത്തനനിരതരാക്കുവാനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചു. ജില്ലയിലെ ആരോഗ്യവകുപ്പ് അധികാരികളുമായും, ജനപ്രതിനിധികളുമായും മികച്ച ബന്ധം പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ നേതൃത്വം പ്രവർത്തകർക്ക് ആത്മവിശ്വാസം പകരുന്നതായിരുന്നു. സംസ്ഥാന സമ്മേളന ചർച്ചകളിൽ കാര്യങ്ങൾ വ്യക്തമായി പഠിച്ചുള്ള അദ്ദേഹത്തിന്റെ അവതരണരീതി ഏറെ ശ്രദ്ധപിടിച്ചുപറ്റുന്നതായിരുന്നു.

1990 മുതൽ 2020 വരെ ശബരിമലയിൽ പ്രത്യേകം സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 12 വർഷം പമ്പ ഗവ. ആശുപത്രിയിൽ സ്റ്റോർ ഇൻ ചാർജ്ജായിരുന്നു. ശബരിമലയിലെ മികച്ച സേവനത്തിന് പത്തനംതിട്ട ജില്ല കളക്ടർ, ഡി.ജി.പി. എന്നിവരുടെ പക്കൽ നിന്നും അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ നിന്നും സ്റ്റോർ സൂപ്രണ്ടായാണ് സുരേഷ് കുമാർ വിരമിച്ചത്.

ഭാര്യ ഐ.ടി.ഐ.യിൽ സീനിയർ സൂപ്രണ്ടാണ്. മകൾ നിയമ വിദ്യാർത്ഥിനിയും, മകൻ 10-ാം ക്ലാസിലും പഠിക്കുന്നു.

### കെ.എം. ജോർജ്
**(സംസ്ഥാന സമിതി അംഗം)**



കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി അംഗമായ ശ്രീ. കെ.എം. ജോർജ് കോട്ടയം ജില്ലയിലെ സച്ചിവോത്തമപുരം സി.എച്ച്.സി.യിൽ നിന്നും 31.05.2020 ന് വിരമിച്ചു. ഇടുക്കി ജില്ലയിൽ ദേവിയാർ കോളനി പി.എച്ച്.സിയിൽ സർവ്വീസിൽ പ്രവേശിച്ച അദ്ദേഹം കെ.ജി പി.എ. ഇടുക്കി ജില്ലാ ജോ. സെക്രട്ടറിയായിരുന്നു ദീർഘകാലം സംഘടനയുടെ ആലപ്പുഴ ജില്ലാ സെക്രട്ടറി, പ്രസിഡണ്ട് സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സംഘടനയുടെ നയപരിപാടികളും പ്രവർത്തനങ്ങളും വിലയിരുത്തി യോഗങ്ങളിൽ മിതവും, ശക്തവുമായ ഭാഷയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വേറിട്ടരീതി. സംഘടനക്ക് വേണ്ടി ത്യാഗപൂർണ്ണമായ പ്രവർത്തനം നടത്തുകയും, മുഴുവൻ പ്രക്ഷോഭ പരിപാടികളും വിജയിപ്പിക്കുന്നതിനായി അക്ഷീണം യത്നിക്കുകയും ചെയ്ത വ്യക്തിത്വമായിരുന്നു ശ്രീ. കെ.എം. ജോർജ്.

ഭാര്യ: ജെസി ജോർജ്. മക്കൾ: ബെൻ ജോർജ് (എം.ടെക്), ബിനോ ജോർജ് (ബി. ടെക് വിദ്യാർത്ഥി)

### വി. സുനിൽ കുമാർ
**(സംസ്ഥാന സമിതി അംഗം)**



കൊല്ലം ജില്ലയിൽ നിന്നുള്ള കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി അംഗമായ ശ്രീ. വി. സുനിൽകുമാർ 31.05.2020 ന് സർവ്വീസിൽ നിന്നും വിരമിച്ചു. സി.എച്ച്.സി. മൈനാഗപ്പള്ളിയിൽനിന്നും ഫാർമസിസ്റ്റ് ആയാണ് വിരമിച്ചത്. ബ്രാഞ്ച് സെക്രട്ടറി മുതൽ നിരവധി ചുമതലകൾ വഹിച്ചിട്ടുണ്ട്. കെ.ജി.പി.എ. സുവർണ്ണ ജൂബിലി സംസ്ഥാന സമ്മേളനത്തിന്റെ ട്രഷറർ ആയിരുന്നു. കോഴിക്കോട് ജില്ലയിൽ വാണിമേൽ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഫാർമസിസ്റ്റായാണ് സർവ്വീസിൽ പ്രവേശിച്ചത്. സംഘടനയുടെ മുഴുവൻ പ്രവർത്തനങ്ങളിലും സജീവ സാന്നിധ്യവും നേതൃത്വപരവുമായ പങ്കുവഹിച്ച വ്യക്തിത്വവുമായിരുന്നു. ഭാര്യ: രാജി ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സാണ്. മകൾ: ജിഷ എം.എസ്. കുമാർ (ഫാർമസിസ്റ്റ്, ദുബായ്) മകൻ: മിഥുൻ മാധവ് (10-ാം ക്ലാസ്സ് വിദ്യാർത്ഥി).

### ടോം ജോസ്
**(മുൻ ഇടുക്കി ജില്ലാ പ്രസിഡന്റ്)**



ശ്രീ. ടോം ജോസ് 31.05.2020 ന് ഇടുക്കി ചെമ്പകപ്പാറ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നും ഫാർമസിസ്റ്റായി വിരമിച്ചു. ദീർഘകാലം കെ.ജി.പി.എ. ഇടുക്കി ജില്ലാ പ്രസിഡണ്ട്, സെക്രട്ടറി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സംസ്ഥാന കമ്മറ്റി അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഫാർമസി ഇൻസ്പെക്ടറായി മികച്ച സേവനം കാഴ്ച വെക്കുകയുണ്ടായി. എന്നും ഫാർമസി പ്രഫഷന്റെ ഉന്നമനത്തിനായി യത്നിച്ച അദ്ദേഹം, ദുർഘടമായ സാഹചര്യങ്ങളിൽ ജില്ലയിൽ കെ.ജി.പി.എ.യെ ശക്തിപ്പെടുത്തുന്നതിൽ മികച്ച സംഭാവന നൽകിയിട്ടുണ്ട്. ഭാര്യ വാഴത്തോപ്പ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രിൻസിപ്പാൾ ആണ്. മകൻ എഞ്ചിനീയറിംഗ് വിദ്യാർത്ഥിയും, മകൾ ഫേഷൻ ഡിസൈനിംഗ് വിദ്യാർത്ഥിനിയും (NIFTകണ്ണൂർ) ഇളയ മകൻ 7-ാം ക്ലാസിലും പഠിക്കുന്നു.



## പി. പി. മൂസ (ADPS) വിരമിച്ചു

സംസ്ഥാന ആരോഗ്യ വകുപ്പിലെ ഫാർമസിസ്റ്റുമാരുടെ ഏറ്റവും ഉയർന്ന തസ്തികയായ അസിസ്റ്റന്റ് ഡയറക്ടർ ഓഫ് ഫാർമസി സർവീസസ് (ADPS) തസ്തികയിൽ നിന്നും ശ്രീ. പി.പി. മൂസ വിരമിച്ചു.

കെ.ജി.പി.എ. പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്ന അദ്ദേഹം KGPA വയനാട് ജില്ലാ പ്രസിഡന്റ് സ്ഥാനം വഹിച്ചിരുന്നു. 1985 ൽ സർവ്വീസിൽ പ്രവേശിച്ചു. മൈസൂർ ജെ.എസ്.എസ്. ഫാർമസി കോളേജിൽ നിന്നാണ് ഫാർമസി ഡിപ്ലോമ നേടിയത്. ഫാർമസിസ്റ്റുകളുടെ ഉന്നമനത്തിനായി ആരോഗ്യവകുപ്പ് ഡയക്ടറേറ്റിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഭാര്യ: സക്കീന. മക്കൾ: മുഹസിന, നഫ്ഹിത (ഫാർമസിസ്റ്റ്), അർഷിത (ബിരുദാനന്തര ബിരുദ വിദ്യാർത്ഥിനി), മുഹമ്മദ് ഇസ്ഹാൻ (വിദ്യാർത്ഥി).

# മറയുന്ന കാലം



**വിപിന ചന്ദ്രൻ പി.പി**
ഫാർമസിസ്റ്റ്, പിഎച്ച്സി, കോടിയേരി

സായാഹ്നമായി സതീർത്ഥ്യാ നമുക്കിന്ന്
ശിഷ്ടകാലത്തിന്നീളമേറെ
ഇന്ന് നാമെത്തിയീ പൂക്കൾ കൊഴിയുമീ
വൃക്ഷത്തണലിലായ്
എന്തോ പുലമ്പി പിന്നെ കലമ്പിയും
സ്നേഹിച്ചതിലെറെ പിണങ്ങിയും
ഓർമ്മയിലേക്ക് മടങ്ങയായ് ജീവിതം
കാലം തരുന്നോരീ സിംഹാസനം മുന്നേ
യാരോ തട്ടിപ്പറിച്ചതറിയാതെ
കൊച്ചിൽ വലുതാവാൻ കൊതിക്കുമാ
ചിത്തത്തിൽ ചിന്ത തൻ ഭാരം കനക്കുന്നു
പണമുണ്ടപതിരുണ്ട് കാലമീ കണ്ണിനുമുന്നിലുണ്ട്
ഇല്ല നാം നാം മാത്രമില്ലയിഭൂവിൽ
പിന്നെയെൻ ചിന്തക്ക് ഭാരമില്ല
ആശ നിരാശകൾ നമ്മെ നശിക്കുമീ ചിന്തയില്ല
ദേഷ്യമില്ലിന്നെൻ മനസിലിന്നാരോടു
ശാന്തമായ് സായാഹ്ന കാഴ്ചമാത്രം



# സംസ്ഥാന വാർത്തകൾ

## 11-ാമത് ശമ്പള കമ്മീഷനുമായി ചർച്ച നടത്തി

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്കരണത്തിനായി സർക്കാർ രൂപീകരിച്ച 17-ാമത് ശമ്പള കമ്മീഷനുമായി KGPA 11.08.2020 ന് ചർച്ച നടത്തി. വീഡിയോ കോൺഫറൻസ് വഴിയുള്ള ചർച്ചയിൽ KGPA ഭാരവാഹികളായ സംസ്ഥാന പ്രസിഡന്റിന്റെ ചുമതലയുള്ള എസ്. വിജയകുമാർ, ജനറൽ സെക്രട്ടറി എം.കെ. പ്രേമാനന്ദൻ, വൈസ് പ്രസിഡന്റ് അബ്ദുൾ സലാം, സെക്രട്ടറി അനിത ഡി.എൻ., സെക്രട്ടറിയേറ്റ് അംഗങ്ങളായ ഡി. മുറാദ്, ആർ. സന്തോഷ്കുമാർ, കെ. രൂപേഷ് എന്നിവർ പങ്കെടുത്തു. ആരോഗ്യവകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് എന്നീ വകുപ്പുകളിലെ ഫാർമസിസ്റ്റുമാരുടെയും പ്രമോഷൻ തസ്തികകളിലുള്ള ഫാർമസി വിഭാഗ ജീവനക്കാരുടെയും ശമ്പളവും ആനുകൂല്യങ്ങളും ശാസ്ത്രീയമായി പരിഷ്കരിക്കണമെന്ന് ചർച്ചയിൽ ആവശ്യപ്പെട്ടു.

വർദ്ധിച്ച ഉത്തരവാദിത്തം, ജോലിഭാരം, അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ പരിഗണിച്ച് പ്രവേശന തസ്തികയിൽ അടിസ്ഥാന ശമ്പള വർദ്ധനവും, ജോലിസ്വഭാവവും ഉത്തരവാദിത്വവും വ്യത്യസ്തമായ സ്റ്റോർ സൂപ്രണ്ടു മുതൽ സ്റ്റോർസ് ഓഫീസർ (FW) വരെയുള്ള തസ്തികകൾക്ക് പ്രത്യേക ശമ്പള നിരക്കുകൾ, ഫാർമസിസ്റ്റ് സ്റ്റോർ, കീപ്പർ തസ്തികക്ക് ഉയർന്ന ശമ്പള നിരക്കുകൾ, അസി. ഡയറക്ടർ തസ്തികക്ക് പ്രത്യേക ശമ്പള നിരക്ക് വിവിധ തസ്തികകളുടെ പേരുകൾ പരിഷ്കരിക്കൽ, ചാർജ്ജ് അലവൻസ്, സ്റ്റോർ കീപ്പർ തസ്തികക്ക് ഉയർന്ന ഗ്രേഡ്, ക്ലറിക്കൽ അലവൻസ് വർദ്ധനവ തുടങ്ങി കാലങ്ങളായി പരിഹരിക്കാത്ത പ്രശ്നങ്ങളും ചുമതലകളും ഉത്തരവാദിത്തങ്ങളും ജോലിഭാരവും നാൾക്കുനാൾ വർദ്ധിക്കുകയും ശമ്പള നിരക്കുകൾ ഇതിന് ആനുപാതികമായി വർദ്ധിക്കുന്നതിന് പകരം നാൾക്കുനാൾ കുറഞ്ഞ് വരുന്നതും ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തി.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഫാർമസിസ്റ്റ് മുതൽ സ്റ്റോർ സൂപ്രണ്ട് വരെയുള്ള വിവിധ തസ്തികകളിലെക്കുള്ള ഘടനയിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുകയും 1:1:1:1 എന്ന അനുപാതത്തിന്റെ ആവശ്യകതയും ചൂണ്ടിക്കാണിച്ചു.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിലെ മുൻ ശമ്പള പരിഷ്കരണത്തിൽ സംഭവിച്ച അപാകതകൾ പരിഹരിക്കപ്പെടാത്തതും, പ്രമോഷൻ തസ്തികകളുടെ എണ്ണക്കുറവും ഉൾപ്പെടെ പ്രധാന പ്രശ്നങ്ങൾ ചർച്ചയിൽ അവതരിപ്പിച്ചു.

കാര്യമാത്ര പ്രസക്തമായി വിഷയങ്ങൾ അവതരിപ്പിച്ചതിലും, സമയക്ലിപ്തത പാലിച്ചതിലും ചെയർമാൻ സംഘടനയെ അനുമോദിച്ചു. KGPA രേഖാമൂലം സമർപ്പിച്ച ആവശ്യങ്ങളും, അനുബന്ധരേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതായി ചെയർമാൻ അറിയിച്ചു.

## കാസർഗോഡ് മെഡിക്കൽ കോളേജ്

കാസർഗോഡ് മെഡിക്കൽ കോളേജിൽ 270-ഓളം വിവിധ തസ്തികകൾ അനുവദിച്ചപ്പോൾ ഫാർമസി വിഭാഗത്തിൽ വെറും 4 തസ്തികകൾ മാത്രം അനുവദിച്ച നടപടിയിൽ കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി പ്രതിഷേധിച്ചു. 200 ബെഡുകൾ ഉള്ള ആശുപത്രികൾക്ക് ഒരു സ്റ്റോർ സൂപ്രണ്ട് വേണമെന്ന പഴയ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുപോലും വ്യവസ്ഥ ഉള്ളപ്പോഴാണ് 300 ബെഡുകൾ ഉള്ള കാസർഗോഡ് മെഡിക്കൽ കോളേജിന്

സ്റ്റോർ സൂപ്രണ്ട് തസ്തിക നിഷേധിച്ചിരിക്കുന്നത്. ചുരുങ്ങിയത് പത്ത് ഫാർമസിസ്റ്റുമാരെങ്കിലും വേണ്ട സ്ഥാനത്ത് കേവലം മൂന്ന് തസ്തിക മാത്രമാണ് അനുവദിച്ചിരിക്കുന്നത്. അവശ്യം വേണ്ട ഫാർമസി വിഭാഗം തസ്തികകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ സംസ്ഥാന കമ്മറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യവകുപ്പ് മന്ത്രി, റവന്യു വകുപ്പ് മന്ത്രി, പ്രതിപക്ഷ നേതാവ്, കാസർഗോഡ് എം.എൽ.എ എന്നിവർക്കെല്ലാം നിവേദനം സമർപ്പിച്ചു. കൂടാതെ ഡി.എം.ഇ യെ നേരിട്ട് സന്ദർശിച്ച് നിവേദനം നൽകുകയുണ്ടായി.

### മൊബൈൽ മെഡിക്കൽ സർവയലൻസ് യൂണിറ്റുകളിൽ ഫാർമസിസ്റ്റുമാരെ ഉൾപ്പെടുത്തണം

സംസ്ഥാനത്ത് ആരോഗ്യ കേരളം പദ്ധതിയുടെ ഭാഗമായി പുതുതായി ആരംഭിക്കുന്ന 19 മൊബൈൽ യൂണിറ്റുകളിലേക്ക് നിയമാനുസൃതം വേണ്ട ഫാർമസിസ്റ്റുമാരെ നിയമിക്കണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ. സംസ്ഥാന കമ്മിറ്റി ബഹു. മുഖ്യമന്ത്രി, ആരോഗ്യമന്ത്രി, എൻ.എച്ച്.എ. ഡയറക്ടർ എന്നിവർക്ക് നിവേദനം നൽകി. നിലവിൽ സംസ്ഥാനത്തുള്ള മൊബൈൽ യൂണിറ്റുകളിലും ഫാർമസിസ്റ്റ് തസ്തിക ഉള്ളതാണ്. ദുർഘട പ്രദേശങ്ങളിലെ രോഗികൾക്ക് ചികിത്സയും മരുന്നും ഉറപ്പുവരുത്തുന്ന പദ്ധതിയിൽ ഫാർമസിസ്റ്റുമാർ അനിവാര്യമാണെന്ന് സംഘടന ചൂണ്ടിക്കാട്ടി.

### ഉത്തരവിൽ ഭേദഗതി വേണം

ആരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി. സമയം 6 മണിയായി വർദ്ധിപ്പിക്കുമ്പോൾ ജീവനക്കാരെ താൽക്കാലികമായി നിയമിക്കാമെന്ന തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ ഫാർമസിസ്റ്റുമാരെക്കൂടി നിയമിക്കാമെന്നതിൽ വ്യക്തതവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.ജി.പി.എ. സംസ്ഥാന കമ്മിറ്റി ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിക്ക് നിവേദനം നൽകി. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഫാർമസിസ്റ്റുമാരെ നിയമിക്കാൻ തടസ്സ വാദങ്ങൾ ഉന്നയിക്കുന്ന സാഹചര്യത്തിലാണ് നിവേദനം നൽകിയത്.

### മെഡിക്കൽ കോളേജ് ഫാർമസിസ്റ്റ് നിയമനം

സംസ്ഥാനത്തെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ 70 ഓളം ഫാർമസിസ്റ്റ് തസ്തികകൾ 4 വർഷത്തോളമായി ഒഴിഞ്ഞു കിടക്കുന്നത് ആശങ്കാജനകമണെന്നും, എത്രയും വേഗം ഈ തസ്തികകളിലേക്ക് പി.എസ്.സി. നിയമനം നടത്തണമെന്നും ആവശ്യപ്പെട്ട് കെ.ജി.പി.എ. സംസ്ഥാന കമ്മറ്റി പി.എസ്.സി. ചെയർമാന് നിവേദനം നൽകി.

### ഗുരുവായൂർ ദേവസ്വം ഫാർമസിസ്റ്റ് യോഗ്യത

ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ആശുപത്രിയിലേക്ക് നിയമനത്തിനപേക്ഷ ക്ഷണിച്ചതിൽ ഫാർമസിസ്റ്റുകൾക്കായുള്ള യോഗ്യതയിലെ അപാകത പരിഹരിച്ച് പുതുക്കിയ യോഗ്യത ചേർക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന കമ്മറ്റി ഗുരുവായൂർ ദേവസ്വത്തിന് നിവേദനം നൽകിയതിന്റെ ഫലമായി പുതുക്കിയ യോഗ്യത ചേർത്ത് വിജ്ഞാപനം തിരുത്തുകയും അവസാന തീയതി നീട്ടുകയും ചെയ്തതായി ദേവസ്വം ബോർഡ് അറിയിച്ചു.

### ഇ.എസ്.ഐ. നിവേദനങ്ങൾ

കോവിഡ് 19 ന്റെ സാഹചര്യത്തിൽ ഇ.എസ്.ഐ. ജീവനക്കാർക്ക് വ്യക്തിസുരക്ഷാ സാമഗ്രികൾ അനുവദിക്കുന്നതിൽ ഫാർമസിസ്റ്റുമാരെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവ് തിരുത്തണമെന്നാവശ്യപ്പെട്ട് ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർക്ക് നിവേദനം നൽകി.

## ഇ.എസ്.ഐ. ആശുപത്രികളിൽ സ്റ്റോർകീപ്പർ തസ്തിക

സംസ്ഥാനത്തെ ഇ.എസ്.ഐ. ഗുണ ഭോക്താക്കൾക്ക് വിദഗ്ദ ചികിത്സ നൽകുന്ന ഇ.എസ്.ഐ. ആശുപത്രികളിൽ നിലവിൽ ഫാർമസിസ്റ്റുമാരാണ് സ്റ്റോറുകളുടെ ഭാരിച്ച ചുമതല വഹിക്കുന്നത്. ഇതര വകുപ്പുകളിൽ ഉള്ളതുപോലെ സ്റ്റോർ കീപ്പർ തസ്തികകൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് കെ.ജി.പി.എ. സംസ്ഥാന കമ്മിറ്റി ഇൻഷുറൻസ് മെഡിക്കൽ സർവ്വീസ് ഡയറക്ടർക്ക് നിവേദനം സമർപ്പിച്ചു. നിലവിലുള്ള ഫാർമസിസ്റ്റ് തസ്തിക, സ്റ്റോർകീപ്പർ തസ്തികയായി ഉയർത്തിക്കൊണ്ട് സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയുമില്ലാതെ ഇത് നടത്താനാവുമെന്ന് സംഘടന ചൂണ്ടിക്കാട്ടി.

# ജില്ലാ വാർത്തകൾ

### ആലപ്പുഴ

## ആലപ്പുഴ ജില്ലാ സമ്മേളനം

KGPA 62-ാം ജില്ലാസമ്മേളനം ആലപ്പുഴ ബ്രദേഴ്സ് ആഡിറ്റോറിയത്തിൽ 2020 മാർച്ച് 7 ശനിയാഴ്ച്ച അഡ്വ: കെ.റ്റി. മാത്യു (ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ആലപ്പുഴ ജില്ലാപഞ്ചായത്ത്) ഉദ്ഘാടനം ചെയ്തു. പി.എസ്. സന്തോഷ്കുമാർ (സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ജോയിന്റ് കൗൺസിൽ) പി.എം സുനിൽ (ജില്ലാപ്രസിഡന്റ NGO അസോസിയേഷൻ), ഡി. മുറാദ്, (KGPA സംസ്ഥാന സെക്രട്ടറിയേറ്റ്അംഗം) ഫിലിപ്പ് അഗസ്റ്റി (മുൻ ഫാർമസി കൗൺസിൽഅംഗം, കെ.ബി. സത്യപാലൻ (മുൻ ജില്ലാപ്രസിഡന്റ് KGPA) തുടങ്ങിയവർ ആശംസകളർപ്പിച്ചു. രാജേഷ്കുമാർ എസ് അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ ജില്ലാ സെക്രട്ടറി സജീവ് പി. സ്വാഗതവും ജില്ലാട്രഷറർ സ്മിതാദാസ് നന്ദിയും പറഞ്ഞു. തുടർന്ന് പ്രതിനിധി സമ്മേളനം ജന. സെക്രട്ടറി എം.കെ. പ്രേമാനന്ദൻ ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി പി. സജീവ് പ്രവർത്തന റിപ്പോർട്ടും ട്രഷറർ സ്മിതാ ദാസ് വരവ് ചെലവ് കണക്കും അവതരിപ്പിച്ചു. കെ.ടി. സദാനന്ദൻ, ഇബ്രാഹിം പി.ടി., ഹിദായത്തുള്ള, പ്രീതി മാധവ് എന്നിവർ സംസാരിച്ചു.

സർവ്വീസിൽ നിന്ന് വിരമിച്ച മുൻ സംസ്ഥാന ട്രഷററും ചേർത്തല താലൂക്ക് ആശുപത്രി സ്റ്റോർ സൂപ്രണ്ടുമായ സാജു കുര്യാക്കോസിന് യാത്രയയപ്പ് നൽകി, ജില്ലാ കമ്മിറ്റിയുടെ ഉപഹാരം ഷീലാദേവി. എ.ജി. (SVO ആലപ്പുഴ) സമർപ്പിച്ചു.

**ഭാരവഹികൾ**

പ്രസിഡന്റ്: പ്രകാശ് ജി. (പ്രസിഡന്റ്), രജിത, കെ.ജി ശ്രീകുമാർ (വൈസ് പ്രസിഡന്റ്), പി. സജീവ് (സെക്രട്ടറി), പി.ഒ. സംഗീത, ശ്രീജ (ജോ. സെക്രട്ടറിമാർ), സ്മിതാദാസ് (ട്രഷറർ), എൻ.ആർ. ചന്ദ്രൻ (ഓഡിറ്റർ).



**പ്രകാശ് ജി.**
ആലപ്പുഴ ജില്ലാ
പ്രസിഡന്റ്



**സജീവ് പി.**
ആലപ്പുഴ ജില്ലാ
സെക്രട്ടറി

## എറണാകുളം

കെ.ജി.പി.എ. എറണാകുളം ജില്ലയിലെ ബ്രാഞ്ച് സമ്മേളനങ്ങൾ നടത്തി. എറണാകുളം, ആലുവ, മൂവാറ്റുപുഴ, പെരുമ്പാവൂർ, പറവൂർ എന്നീ ബ്രാഞ്ചുകളിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ഭാരവാഹികൾ:**

***മൂവാറ്റുപുഴ:*** സജീർ കെ.പി. (പ്രസിഡന്റ്), റഷീദ് എം.എം. (സെക്രട്ടറി). ***പെരുമ്പാവൂർ:*** പ്രിയ എം. (പ്രസിഡന്റ്), യൂസഫ് എൻ.എസ്. (സെക്രട്ടറി). ***പറവൂർ:*** ബോസ് വി.എസ്. (പ്രസിഡന്റ്), പ്രശാന്ത് പി. (സെക്രട്ടറി). ***ആലുവ:*** സുഭാഷ് എൻ.എസ്. (പ്രസിഡന്റ്), രജിത ടി.എസ്. (സെക്രട്ടറി). ***എറണാകുളം:*** അനീസ് ബിൻ മുഹമ്മദ് (പ്രസിഡന്റ്), ഷെയ്ന ഇ. (സെക്രട്ടറി).

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി എറണാകുളം ജില്ലാ ജയിലിലേക്ക് കൊണ്ടുവരുന്ന തടവുകാരെ പരിശോധിക്കാനായി ആവശ്യമായ ഇൻഫ്രാറെഡ് തെർമോ മീറ്റർ കെ.ജി.പി.എ. എറണാകുളം ജില്ലാ കമ്മിറ്റി സംഭാനയായി നൽകി. ജില്ലാ സെക്രട്ടറി ഷിയാസ് കെ.എ., നന്ദാത്മജൻ എം.കെ., ബിജൽകുമാർ ബി., മനോജ് കുമാർ എം.എസ്., മനോജ് എം.കെ., ഗോപാലകൃഷ്ണൻ ടി.ബി. എന്നിവർ ചേർന്ന് ജില്ലാ ജയിൽ സൂപ്രണ്ടിന് കൈമാറി.

## കോഴിക്കോട്

Covid പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കെ ജിപിഎ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫറോക്ക് പോലീസ് സ്റ്റേഷനും ആരോഗ്യ പ്രവർത്തകർക്കും സാനിറ്റെസറുകൾ നിർമ്മിച്ചു നൽകി. ജില്ലാ സെക്രട്ടറി ശ്രീലേഷ് പി, ഫറോക്ക് ബ്രാഞ്ച് സെക്രട്ടറി അനു സി.ജെ,



ജിതേഷ് കെ.എം എന്നിവർ നേതൃത്വം നൽകി.

**കോഴിക്കോട് ജില്ലാ സമ്മേളനം**

കെ.ജി.പി.എ. കോഴിക്കോട് ജില്ലാ സമ്മേളനം 2020 ഫെബ്രുവരി 28 വെള്ളി യാഴ്ച കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ചേർന്നു. സംസ്ഥാന പ്രസിഡണ്ട് പി.വി. പ്രദീപ്കുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ രൂപേഷ് സ്വാഗതം പറഞ്ഞു. ടിസി അബ്ദുൽജലീൽ അധ്യക്ഷനായി. എം. കെ. പ്രേമാനന്ദൻ (ജനറൽ സെക്രട്ടറി) സംഘടനാ റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി കെ. പ്രബീഷ് കുമാർ പ്രവർത്തന റിപ്പോർട്ടും പി. ശ്രീലേഷ് വരവ് ചിലവ് കണക്കും അവതരിപ്പിച്ചു. വി കെ രാജൻ (മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട്) എം.എ. ബൈജു (മാനേജർ ഡ്രഗ് വേർഹൗസ്) എന്നിവർ ആശംസകൾ നേർന്നു. സർവീസിൽ നിന്നും വിരമിച്ച മുൻ ജില്ലാ പ്രസിഡണ്ട് എം കെ അബ്ദുറഹ്മാൻ, സി സഞ്ജീവ് മുൻ ജില്ലാ സെക്രട്ടറി എന്നിവർക്ക് യാത്രയയപ്പ് നൽകി. എൻ. വിജയരാഘവൻ നായർ മുൻ ജില്ലാ പ്രസിഡണ്ട് ഉപഹാര സമർപ്പണം നടത്തി. പി മുരളി മോഹൻ സ്വാഗതം പറഞ്ഞു എംവി മണികണ്ഠൻ അധ്യക്ഷനായി. ടി കെ ജയരാജൻ നന്ദിയും പറഞ്ഞു.

**ഭാരവാഹികൾ :**

അബ്ദുൽ ജലീൽ ടി.സി (പ്രസിഡണ്ട്), മണികണ്ഠൻ, എം.വി, ജീന (വൈസ് പ്രസിഡണ്ട്), ശ്രീലേഷ് പി. (സെക്രട്ടറി), ശ്രീകുമാർ എ.വി, അഷ്റഫ് കെ.എം. (ജോയിൻ സെക്രട്ടറിമാർ), ജനീഷ് (ട്രഷറർ).



**അബ്ദുൽ ജലീൽ ടി.സി.**
കോഴിക്കോട് ജില്ലാ
പ്രസിഡന്റ്



**ശ്രീലേഷ് പി.**
കോഴിക്കോട് ജില്ലാ
സെക്രട്ടറി

## കണ്ണൂർ

കോവിഡ് 19 രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'ബ്രേക് ദ ചെയിൻ' കാമ്പയിനിൽ പങ്കുചേർന്നുകൊണ്ട് KGPA കണ്ണൂർ ജില്ലാ കമ്മിറ്റി മുൻകൈ എടുത്തുകൊണ്ട് കണ്ണൂർ ജില്ലാ ടി.ബി. സെന്റർ അടക്കമുള്ള വിവിധ സ്ഥാപനങ്ങളിലും കണ്ണൂർ ESI ഡിസ്പെൻസറിയിലും ഹാൻഡ് സാനിറ്റൈസർ നിർമ്മിച്ച് നൽകി.

KGPA പയ്യന്നൂർ ബ്രാഞ്ച് കമ്മറ്റിയുടെ നേതൃത്വത്തിൽ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ താൽക്കാലികമായി ജോലി ചെയ്യുന്ന ഫാർമസിസ്റ്റിന്റെ ചികിത്സാ സഹായത്തിനായി സമാഹരിച്ച 1,10,000 രൂപ ബ്രാഞ്ച് സെക്രട്ടറി ശ്രീ. രജിൻ കൈമാറി.

KGPA സംസ്ഥാന കമ്മറ്റി മെമ്പർ നന്ദൻ സി.കെ. ക്ക് ഔദ്യോഗികതലത്തിൽ ഉണ്ടായ ഭീഷണിയെ സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് രേഖാമൂലം പരാതി നൽകി.

കണ്ണൂർ ജില്ലയിലെ ബ്രാഞ്ച് സമ്മേളനങ്ങൾ നടത്തി.

**ഭാരവാഹികൾ:**

***കണ്ണൂർ:*** സാബു എൽ.ആർ. (പ്രസിഡന്റ്), ജിതിൻ ടി. (സെക്രട്ടറി), ***തലശ്ശേരി:*** അനിൽകുമാർ ജെ.എൻ. (പ്രസിഡന്റ്), വിപിനചന്ദ്രൻ പി.പി. (സെക്രട്ടറി), ***തളിപ്പറമ്പ്:*** ശ്രീജാദേവി എം.ബി. (പ്രസിഡന്റ്, മുനവിർ വി.പി. (സെക്രട്ടറി), ***പയ്യന്നൂർ:*** രാജേഷ് എൻ.വി. (പസിഡന്റ്), റജിൻ കെ. എം. (സെക്രട്ടറി), ***ഇരിട്ടി:*** ശ്രീജ പെരുമ്പൊയിൽ (പ്രസിഡന്റ്), അബ്ദുൾ സമദ് പി.ബി. (സെക്രട്ടറി).

## തൃശൂർ

കോവിഡ് രോഗവ്യാപനം തടയുന്നതിന് വേണ്ടി ജില്ലാ ഭരണകൂടവുമായി ചേർന്നുകൊണ്ട് KGPA തൃശൂർ ജില്ലാ കമ്മറ്റി ജില്ലാ സമ്മേളനം നടത്തുന്നതിന് വേണ്ടി മാറ്റിവച്ച സമ്മേളനഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ച ഹാൻഡ് സാനിറ്റൈസർ ബഹു. ജില്ലാ മെഡിക്കൽ ഓഫീസർക്കും തൃശൂർ മെഡിക്കൽ കോളേജ് സൂപ്രണ്ടിനും കൈമാറി.





ഫാർമസിസ്റ്റിനെ നിയമിക്കുന്നതിന് വേണ്ടി ജില്ലയിലെ എല്ലാ പഞ്ചായത്ത് ഭരണസമിതിക്ക് രേഖാമൂലം ജില്ലാ കമ്മറ്റിയുടെ ആവശ്യം അറിയിച്ചിട്ടുണ്ട്. കൊറോണ പ്രതിരോധപ്രവർത്തനങ്ങൾക്കായി രോഗികളുടെ ബാഹുല്യംമൂലം പ്രയാസം അനുഭവപ്പെടുന്ന സ്ഥാപനങ്ങളിൽ അധികമായി ഒരു ഫാർമസിസ്റ്റിനെ നിയമിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ജില്ലാ കമ്മറ്റി ഏറ്റെടുത്ത് നടത്തി.

തൃശൂർ ജില്ലയിലെ 8 ബ്രാഞ്ചുകളിലെയും സമ്മേളനങ്ങൾ പൂർത്തിയാക്കി പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

***തൃശൂർ:*** ഗണേഷ് എസ്. (സെക്രട്ടറി), ബൈജു രാമചന്ദ്രൻ (പ്രസിഡന്റ്). ***വടക്കാഞ്ചേരി:*** മുഹമ്മദ് ജലീർ (സെക്രട്ടറി), ശ്രീവിദ്യ കെ.ജെ. (പ്രസിഡന്റ്), ***ചാവക്കാട്:*** വിഷ്ണു (സെക്രട്ടറി), ഷെഫ്ന (പ്രസിഡന്റ്), ***ഇരിങ്ങാലക്കുട:*** രമ്യ ജി. (സെക്രട്ടറി), പ്രദീപ് കുമാർ കെ.പി. (പ്രസിഡന്റ്) ***ചാലക്കുടി:*** സുരേഷ് കെ.വി. (സെക്രട്ടറി), ജോജി പി ജോർജ്ജ് (പ്രസിഡന്റ്), ***കൊടുങ്ങല്ലൂർ:*** ഷൈനി എൻ.എസ്.(സെക്രട്ടറി), രവീന്ദ്രൻ (പ്രസിഡന്റ്), ***ESI ബ്രാഞ്ച്:*** അൻസുദ്ദീൻ അഹമ്മദ് (സെക്രട്ടറി), ആശ പി.സി. (പ്രസിഡന്റ്), ***മെഡിക്കൽ കോളേജ്:*** മുഹമ്മദ് സിദ്ദിഖ് (സെക്രട്ടറി), ഷൈജു പി.ഡി. (പ്രസിഡന്റ്)

## മലപ്പുറം

### 23–ാമത് പി. ഉണ്ണിക്കോയ സ്മാരക അവാർഡുകൾ വിതരണം ചെയ്തു

ആരോഗ്യവകുപ്പിൽ മലപ്പുറം ജില്ലയിലെ തുവ്വൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ ഫാർമസിസ്റ്റായി ജോലിയിലിരിക്കെ 1997 ജൂലൈ 18ന് അന്തരിച്ച പി. ഉണ്ണിക്കോയയുടെ സ്മരണാർത്ഥമാണ് പി. ഉണ്ണിക്കോയ SSLC അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. മലപ്പുറം ജില്ലയിലെ ആരോഗ്യവകുപ്പ് ജീവനക്കാരുടെ മക്കളിൽ പത്താം ക്ലാസ് പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ചവർക്ക് നല്കുന്ന അവാർഡിന് ഈ വർഷം 52 വിദ്യാർത്ഥികൾ അർഹരായി. 9 വിദ്യാർഥികൾ KGPA അവാർഡും നേടി. കോവിഡ്–19 മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ 23–ാമത് അനുസ്മരണവും അവാർഡ് വിതരണവും ജില്ലാതലത്തിൽ ഒരു ചടങ്ങായി നടത്താൻ സാധിച്ചില്ല. പകരം അവാർഡ് ജേതാക്കളുടെ രക്ഷിതാവ് ജോലിചെയ്യുന്ന സ്ഥാപനത്തിൽ ലളിതമായ ചടങ്ങിൽ എല്ലാവിധ കോവിഡ്–19 മുൻകരുതലും പാലിച്ച് അവാർഡ് വിതരണവും അനുസ്മരണവും വിജയകരമായി നടത്തി.

## കൊല്ലം



കേരളഗവൺമെന്റ് ഫാർമസിസ്റ്റസ് അസോസിയേഷൻ കൊല്ലം ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാരിപ്പള്ളി ഗവണ്മെന്റ് മെഡിക്കൽ കോളേജിലെ കോവിഡ് വാർഡിന്റെ ആവശ്യത്തിനായി അവശ്യസാധനങ്ങളുടെ വിതരണോത്ഘാടനം ആശുപത്രി സൂപ്രണ്ട് ഡോ. ഹബീബ് നസീമിന് നൽകികൊണ്ട് KGPA സംസ്ഥാന പ്രസിഡന്റ് ശ്രീ. എസ്സ് വിജയകുമാർ നിർവഹിച്ചു. RMO ശ്രീ. ഷിറിൽ അഷറഫ്, റേഡിയോളജി ഡിപ്പാർട്ട്മെന്റ് മേധാവി ഡോ. അനുരാജ്, സ്റ്റോർ സൂപ്രണ്ട് ശ്രീ. മുഹമ്മദ് അഷറഫ്, ജില്ല സെക്രട്ടറി ശ്രീ. മുഹമ്മദ് ഷാഫി, സംസ്ഥാന കമ്മിറ്റിഅംഗം ശ്രീ. സന്തോഷ്, ഇൻഫക്ഷൻ കൺട്രോൾ നേഴ്സ് ശ്രീ. എസ്. അരുൺ എന്നിവർ പങ്കെടുത്തു.

*A Doctor gives life to the patient through medicines. A pharmacist gives life to Medicines through his knowledge and skills.* ***Proud to be a Pharmacist.***

കവിത



അംബിക എ. കെ.

ഏകാന്തതയിൽ തൊടിയിലേക്ക് കണ്ണുംനട്ടിരുന്നപ്പോൾ വിരിഞ്ഞ കവിത. തൊടിയിലെ പപ്പായമരത്തിൽ നിറയെ പപ്പായകൾ ഈ കാഴ്ച്ച മുത്തശ്ശിയുടെ ഞാണ്ടുകിടക്കും അമ്മിഞ്ഞകളെ ഓർമ്മിപ്പിച്ചു.

# പപ്പായ



പപ്പായ
തെക്കെ അമേരിക്കയിൽ
പിറവിയെടുത്തവൾ

പ്രകൃതിയുടെ നീണ്ടമുലകളാണ് പപ്പായകൾ
ദാരിദ്ര്യത്തിൽ വയറു നിറച്ചവൾ

താളും തകരയും ചേമ്പും ചേനയും
കാമ്പും ഒപ്പം പപ്പായയും മിഥുനം കർക്കിടകം
താണ്ടാൻ
സഹായിച്ചകാലം

പപ്പായ
പെണ്ണിനെപ്പോലെ ശരീരഘടനയുള്ളവൾ
ദുർബല
കാറ്റിനെയതിജീവിക്കാൻ കരുത്തില്ലാത്തവൾ

എന്നാലിവൾ കരുത്തുള്ളവൾ
ഉപ്പേരിയും പുളിങ്കറിയും അവിയലും
സാമ്പാറുമായി ഇവൾ
രസനകൾക്കുമാമാശയത്തിനുമാരോഗ്യദായിനി

പഴുത്താലിവൾ
പ്രണയിനിയെപ്പോൽ
മധുര മനോഹരി
അരവയർ നിറവയറാക്കുന്നവൾ
സ്ത്രൈണമനോഹര ഭാവങ്ങളുള്ളവൾ

ഇവൾ ഔഷധവും ഭക്ഷണവും
കാകോള കീടനാശിനികളാൽ
വിഷഗ്രസ്തമായ
ഭക്ഷണത്തിന്റെ
ഊഷരതയിൽ നശിക്കുന്നവരേ
നിങ്ങളീ പപ്പായ സുകൃതംനുകരൂ.

കഥ

# യാത്രയയപ്പ്

ശ്രീനാ ഗോപാൽ
ഫാർമസിസ്റ്റ്,
ഓപ്പൺ പ്രിസൺ, ചീമേനി
കാസറഗോഡ്



അപ്രതീക്ഷിതമായാണ് ആ ഓർഡർ കൈയ്യിലേക്ക് കിട്ടിയത്.

എന്നിട്ടുമൊരു നടുക്കം എന്നിലുണ്ടാവാത്തതെന്താ ...?

താവഴി മുതലുള്ള ബന്ധമാണ് ആരോഗ്യ വകുപ്പുവഴി കാസറഗോഡുമായി.

ഒരു മെഗാ സെന്റ്ഓഫ് വേദി, ഒരരികിൽ ഞാനും.

മുന്നിൽ ഇപ്പോൾ കൂടെ ജോലി ചെയ്യുന്നവരും മുമ്പ് ചെയ്തവരും .

കിട്ടി ,

കൈയ്യിലൊരു മൊമന്റോയും

കാതിലേക്ക് ചില നല്ല വാക്കുകളും.

പടിയിറങ്ങി.

ഒരൽപം നടന്നപ്പോൾ ഒന്ന് തിരിഞ്ഞു നോക്കി.. പാതി മറച്ച ഓരോ മുഖത്തും കണ്ണുകളിൽ കാണാം 'യാത്രാമംഗളങ്ങൾ' എന്ന ബാനർ, കളർഫുള്ളോടെ!

വീട്ടിൽ നിന്നും ഇറങ്ങി .

കൈയ്യിലൊരു പെട്ടി മാത്രം !

ഇതുമതിയോ, മതിയാകും,

ഞാൻ മാത്രമല്ലെ പോകുന്നുള്ളൂ.

കോട്ടയം ജോയിന്റ് ചെയ്തിട്ട് കുറച്ച് ദിവസം ലീവെടുക്കണം.

ബസ്സ് വരുന്നുണ്ടോ,

വടക്കുവശത്തെ കുന്നിൻ ചെരുവിലൂടെ നേർരേഖയിൽ വരുന്ന ചാലിലേക്ക് നോക്കി,

പക്ഷെ, അടുത്ത നിമിഷം,

ഒരു ചെറു മൂളൽ... എന്തോ വന്ന് മുഖത്തടിച്ചു,

കണ്ണിറുക്കി അടച്ചു,

പക്ഷെ സെക്കന്റിന്റെ നൂറിലൊരംശം സമയം താമസിച്ചു പോയി.

ഒരീച്ച കണ്ണിനകത്തായി.

കെണിയിലകപ്പെട്ട മൃഗത്തെപ്പോലെ അത് കുതറി... കൺപോളകളിൽ അവിടെവിടെയായി അതിന്റെ വെപ്രാളം അടയാളപ്പെട്ടു.

കണ്ണുനീർ ഉരുൾപൊട്ടൽ പോലെ ആർത്തു വന്നു.

നിറയുന്ന ഡാം ഷട്ടർ ഉയർത്താൻ നിർബന്ധിതയാവുന്ന പോലെ ഞാൻ കൺപോളയെ ബലം പ്രയോഗിച്ച് അൽപം തുറന്നു.

മലവെള്ളം പോലെ കണ്ണുനീർ ചാല് കവിളിലേക്ക്...

നനവ് ...

മുഖത്താകെയൊരു നനവ്...

രണ്ട് കണ്ണും ബദ്ധപ്പെട്ട് തുറന്നു വെച്ചു.

മുകളിൽ ഫാൻ വിശ്രമിക്കാതെ കറങ്ങുന്നു,

വലതു വശത്ത് പ്രമോട്ടനും

ഇടതു വശത്ത് കിത്തു മോനും

ഉറങ്ങുന്നു !

അപ്പോൾ ,

ട്രാൻസ്ഫർ....!

യാത്രയയപ്പ് ....!

പല്ലുതേക്കാത്ത വായയെ ബന്ധിതയാക്കുന്ന ചുണ്ട് ഒന്ന് വിരിഞ്ഞു,

ഇരു ഭാഗത്തേക്കും.

ഞാൻ കൈവിരൽ കൊണ്ട് കണ്ണിന്റെയരികിൽ തപ്പിനോക്കി,

കറുത്ത എന്തോ ഒന്ന്,

ഈച്ചയായിരിക്കുമോ അത് .......?

# സർവ്വീസിൽനിന്നും വിരമിച്ചു


**Peethambaran**
PHC, Edarikode, MLPM


**Prasad K P (SS)**
THQH, Cherthala, ALPY


**Preman T (SSVO)**
DHS, TVM


**Ramesan Puthukkudy (PSK)**
GH, Thalassery, Kannur


**Ramanathan T K**
PHC, Porathissery, TSR


**Rameshan K**
ESI Dis., Vadakara, Kozhikode


**Remesan P**
THQH Koyilandi, Kozhikode


**Saji N (SVO)**
DMOH, Kozhikode


**Sathianadhan M (PSK)**
W&CH, Kozhikode


**Lisamma Chacko**
GH, Ernakulam


**Seenakumari C (PSK)**
TH, Piravam, EKM


**Sheeja J**
CHC, Muthukulam, ALPY


**Sreelatha S (SS)**
GH, Neyyattinkara, TVM


**Sudha C A (SVO)**
DMOH, Ernakulam


**Aravindakshan A K (SS)**
GDH, Kozhikode


**Suneetha K**
ESI Hos., Feroke, Kozhikode


**Suresh M J (SS)**
GH, Thalassery, Kannur


**Syalaja M S (PSK)**
TH, Payynnur, Kannur


**Unnikrishnan V (SF)**
MCH, Thrissur


**Nandathmajan M K**
THQH, Paravoor, EKM


**Vedhavyasan T H (SS)**
TH, Payyannur, Kannur


**P Kunjimoithy (PSK)**
FWS, Kozhikode


**Sosamma M V (SOFW)**
DHS, TVM


**B Jalajakumari**
DH, Neyyattinkara, TVM


**M Chandramathy (SOFW)**
DHS, TVM



കെ.ജി.പി.എ ആലപ്പുഴ
ജില്ലാ സമ്മേളനം ഉദ്ഘാടനം




കെ.ജി.പി.എ കോഴിക്കോട്
ജില്ലാ സമ്മേളനം ഉദ്ഘാടനം

Printed and Published by : M K Premanandan, General Secretary, on behalf of Kerala Government Pharmacists' Association
Printed at Alwaye Press, Aluva, Ph: 0484-2623318, Editor: M S Manoj Kumar Ph: 9497280906